


Copyright © 2013 reserved

© Copyright of the sketches, monograms, logo and other materials used in this story to create pages as they appeared in the periodicals, belongs to the respective publishers of periodicals and/or artists.

പഠനം



# ഹരികുമാർ -
# ബാല്യത്തിന്റെ പ്രവാചകൻ


## മിനി പ്രസാദ്

മലയാളം ഡിപ്പാർട്ട്മെന്റ്


മലയാള സാഹിത്യത്തിൽ ഒരു ശിശുവും ശിശുമനസ്സും എന്നും സ്ഥാനം പിടിച്ചിരുന്നു. കൃഷ്ണകഥകളിലൂടെ ആ ശിശുവിനെയാണ് മലയാളിയുടെ മനസ്സ് സാക്ഷാത്കരിക്കാൻ ശ്രമിച്ചത്. ബാല്യകാലവും ബാലകഥാപാത്രങ്ങളെയും മലയാള സാഹിത്യത്തിൽ കൂടുതലായി ആവിഷ്കരിച്ചത് ചെറുകഥ, നോവൽ രചയിതാക്കളായിരുന്നു. കാരൂർ, നന്തനാർ, കോവിലൻ, എൻ. മോഹനൻ എന്നിവർ കുട്ടികളെ കഥാപാത്രങ്ങളാക്കി ചെറുകഥകളും നോവലുകളും രചിച്ചിട്ടുണ്ട്. ഇവയിലൊക്കെ കുട്ടികൾ കഥാപാത്രങ്ങളാവുന്നു എന്നല്ലാതെ മുഖ്യകഥാപാത്രങ്ങളോ വ്യക്തിത്വമുള്ള കഥാപാത്രങ്ങളോ ആവുന്നില്ല. സമൂഹത്തിൽനിന്ന് ഭ്രഷ്ടരായി അലയുന്നവരും സമൂഹത്തിന്റെ പൊതുവായ നിയമ സംഹിതകളോട് നിരപ്പൊത്തുപോവാൻ കഴിയാത്തവരുമായ ബാലകൗമാര കഥാപാത്രങ്ങൾ 1950-കളോടെ മലയാള സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി. ടി. പദ്മനാഭനും മാധവിക്കുട്ടിയും എം.ടി. വാസുദേവൻനായരുമാണ് ഇത്തരമൊരു സവിശേഷമായ പരിവർത്തനത്തിന് തുടക്കം കുറിച്ചവർ. മലയാള സാഹിത്യത്തിന് നവ്യമായ മാനവും മുഖവും അവർ നൽകി. ആധുനിക ചെറുകഥാകൃത്തുക്കളിൽ സക്കറിയയും ഹരികുമാറുമാണ് ബാലമനസ്സുകൾ കൂടുതലായി അവതരിപ്പിക്കുന്നത്. ഹരികുമാറിന്റെ ചെറുകഥകളിലെ ബാലമനസ്സുകളുടെ സവിശേഷതകളാണ് പഠനവിധേയമാക്കുന്നത്.

നഗരത്തിലെ ഫ്ളാറ്റുകളുടെ ഇടുങ്ങിയ ചുവരുകൾക്കുള്ളിൽ കഴിയുന്ന അണുകുടുംബത്തിലെ അംഗമായ ഏകാകിയായ കുട്ടി ഹരികുമാറിന്റെ മിക്ക കഥകളിലും കഥാപാത്രമാവുന്നു. 'ദിനോസറിന്റെ കുട്ടി' എന്ന കഥയിലെ രാജീവൻ ഒരു ദിനോസറിന്റെ കുട്ടി രാത്രി മുഴുവൻ തനിക്കു കാവൽ നിൽക്കുന്നതായി ഭാവനയിൽ കാണുന്നു. വീട്ടിലെ സ്നേഹശൂന്യമായ അന്തരീക്ഷമാണ് ഇത്തരമൊരു സങ്കല്പലോകത്തിന്റെ സൃഷ്ടിക്ക് അവനിൽ അബോധ പ്രേരണ ചെലുത്തുന്നത്. നാലു തലയിണകൾ നാലു ഭാഗത്തും വെച്ച് അതിനെ കോട്ട എന്നു വിളിച്ച് അതിന്റെ നടുവിൽ കിടക്കുന്നതും അവന്റെ ഏകാകിതയെ വെളിപ്പെടുത്തുന്നു. മുറിയുടെ ജനലിനു പുറത്ത് രാത്രി മുഴുവനും കാവൽ നിൽക്കുകയും തന്റെ മുഖത്ത് സ്നേഹത്തോടെ നക്കുകയും ചെയ്യുന്ന ദിനോസർ അവനെ എല്ലാ ഭയങ്ങളിൽനിന്നും രക്ഷിക്കുന്നു. രാജീവിന്റെ അച്ഛനാവട്ടെ അവന്റെ ദിനോസറിനോട് അസൂയയാണ് തോന്നുന്നത്. രാത്രി അവന്റെ മുറിയിൽ ചെല്ലുന്ന അയാളുടെ ചെയ്തികൾ നോക്കുക:

"അയാൾ എഴുന്നേററ് രാജീവിന്റെ മുറിയിൽ പോയി ലൈററിട്ടു. തലയിണക്കരികെ അവൻ വരച്ച ദിനോസറിന്റെ ചിത്രം. അതിന്റെ മുഖം ചായം തേച്ച് ഭംഗിയാക്കാൻ ശ്രമിച്ചിരിക്കുന്നു. അയാൾ കുനിഞ്ഞ് രാജീവന്റെ കൗതുകമുള്ള മുഖത്ത് ഉമ്മവെച്ചു. പിന്നെ ആ മൃദുവായ കവിളിൽ ഒന്നു നക്കി.

ജനലിനപ്പുറത്ത് അവനെ ഉററുനോക്കി നിൽക്കയും സ്നേഹം മൂക്കുമ്പോൾ കവിളിൽ നക്കുകയും ചെയ്യുന്ന കുട്ടി ദിനോസറിനോട് അയാൾക്ക് അസൂയയാവുന്നു. രാത്രി മുഴുവനും അങ്ങനെ കാവൽനിൽക്കുന്ന ദിനോസറായെങ്കിലെന്ന് അയാൾ വേദനയോടെ ആശിക്കുന്നു."

തനിക്ക് നൽകാൻ കഴിയുന്നതിലേറെ സുരക്ഷിതത്വബോധം അവന് നൽകുന്നതിനാലാണ് ദിനോസറിനോട് അയാൾക്ക് അസൂയ തോന്നിക്കുന്നത്. അതോടൊപ്പം തനിക്കു നൽകാൻ കഴിയാതിരുന്ന സ്നേഹത്തെക്കുറിച്ചുള്ള കുറ്റബോധമാണ് ഇവിടെ അസൂയയായി മാറുന്നത്.

‘ചിരിക്കാനറിയാത്ത കുട്ടി’ എന്ന കഥയിൽ മാതാപിതാക്കളുടെ ദാമ്പത്യബന്ധ ശൈഥില്യത്തിനിടയിൽപ്പെട്ടുഞെരുങ്ങുന്ന ഒരു പെൺകുട്ടിയുണ്ട്. രണ്ടോ മൂന്നോ വയസ്സു മാത്രം പ്രായമുള്ള ഈ പെൺകുട്ടി തികച്ചും ഏകാകിയും നിസ്സഹായയുമാണ്. ബേബി ഡേകെയർ സെന്ററിലെ അദ്ധ്യാപികയുടെ വാക്കുകളിലൂടെയാണ് കഥ പുരോഗമിക്കുന്നത്. ഒരിക്കലും ചിരിച്ചിട്ടില്ലാത്ത ആ കുട്ടി വേദനയുടെ ഒരു കടൽ ഉള്ളിൽ പേറുന്നതായി അദ്ധ്യാപികയ്ക്ക് തോന്നുന്നു. ഒരു ദിവസം അച്ഛനും അമ്മയും അവളെ കൂട്ടിക്കൊണ്ടുപോവാനായി എത്താൻ വൈകുമ്പോൾ അവർ ഒരുപക്ഷേ, ഇനി വരില്ലെന്നും മരിച്ചുപോയിക്കാണുമെന്നും അവൾ നിർവികാരതയോടെ പറയുന്നത് അദ്ധ്യാപികയെ നടുക്കുന്നു. ഈ നിർവികാരതയാണ് മാതാപിതാക്കളും അവളും തമ്മിലുള്ള ബന്ധശൈഥില്യം വെളിപ്പെടുത്തുന്നത്.

**സമൂഹത്തിൽനിന്ന് ഭ്രഷ്ടരായി അലയുന്നവരും സമൂഹത്തിന്റെ പൊതുവായ നിയമസംഹിതകളോട് നിരപ്പൊത്തുപോവാൻ കഴിയാത്തവരുമായ ബാലകൗമാര കഥാപാത്രങ്ങൾ 1950–കളോടെ മലയാള സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങി.**

മരിച്ചുപോയ ഭാര്യയുടെ ഓർമകൾ പേറുന്ന രാമചന്ദ്രനെന്ന ചെറുപ്പക്കാരനാണ് ‘ഡോ. ഗുറാമിയുടെ ആശുപത്രി’ എന്ന കഥയിലെ മുഖ്യ കഥാപാത്രം. ഒരു ഫിഷ്ടാങ്കിനെയാണ് ഡോ. ഗുറാമിയുടെ ആശുപത്രി എന്നു വിളിക്കുന്നത്. രാമചന്ദ്രന്റെ മകൻ– അഞ്ചുവയസ്സുകാരൻ വിജു – വളരെ ശ്രദ്ധയോടെ പരിചരിക്കുന്ന മത്സ്യങ്ങളാണ് ഇതിൽ. അകാലത്തിൽ തന്നെ പിരിഞ്ഞുപോയ ഭാര്യയെക്കുറിച്ചുള്ള ഓർമകളാൽ വേട്ടയാടപ്പെടുന്ന രാമചന്ദ്രൻ താൻ വളരെ ഒറ്റക്കാണെന്ന ബോധവും ഉള്ളിൽ പേറുന്നുണ്ട്. അതിൽനിന്ന് രക്ഷപെടാനായി അയാൾ തന്റെ പുതിയ വീടിന്റെ പണിയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു. മകനാവട്ടെ തന്റെ മത്സ്യടാങ്ക് വൃത്തിയാക്കലിലൂടെ ഏകാന്തതയിൽനിന്ന് രക്ഷപെടാൻ ശ്രമിക്കുന്നു. പുതിയ വീട്ടിലേക്ക് താമസം മാററാനുള്ള സമയമാവുമ്പോഴേയ്ക്കും ഒരു മത്സ്യം പ്രസവിക്കുന്നു. ടാങ്കിലെ വെള്ളം മാറ്റണ്ടേ എന്ന് പിറ്റേന്ന് വിജു അച്ഛനോട് ചോദിക്കുന്നു. മത്സ്യക്കുഞ്ഞുങ്ങൾക്ക് അമ്മയുടെ മണം കലർന്ന വെള്ളം ആവശ്യമാണെന്നും അതിനാൽ മാറ്റാൻ പാടില്ലെന്നും അയാൾ മകന് വിശദീകരിച്ചുകൊടുക്കുന്നു. ഈ വാക്കുകൾ മകനേയും ചിന്താധീനനാക്കുന്നു. ഒടുവിൽ പുതിയ വീട്ടിലേക്ക് താമസം മാറേണ്ട എന്ന് അവൻ അച്ഛനോട് പറയുന്നു. മരിച്ചുപോയ അമ്മയുടെ അദൃശ്യമായ സാന്നിദ്ധ്യം ഈ വീട്ടിൽ അവൻ അനുഭവിക്കുന്നുണ്ട്. അതുപേക്ഷിക്കാനാവത്തതാണ് വീട് ഉപേക്ഷിക്കാനാവുന്നില്ല എന്ന ചിന്തയിൽ അടങ്ങിയിരിക്കുന്നത്. അമ്മയുടെ സ്നേഹത്തിനും ലാളനയ്ക്കുമുള്ള അവന്റെ ആഗ്രഹമാണ് ഇവിടെ വെളിപ്പെടുന്നത്.

കങ്ഫൂ ഫൈറ്റർ’ എന്ന കഥയിൽ ഇതിൽനിന്ന് വ്യത്യസ്തമായ ഒരു പ്രമേയമാണ് ഹരികുമാർ അവതരിപ്പിക്കുന്നത്. തന്റെ സഹപാഠികളുടെ കഴിവുകളെപ്പറ്റി വാചാലതയോടെ സംസാരിക്കുകയും അവരെ ആദരിക്കുകയും ചെയ്യുന്ന രാജുവാണ് മുഖ്യകഥാപാത്രം. കങ്ഫൂ ഫൈറ്ററായ ഷേറാൻസ്, ഗായകനായ റോമിദ്, ചിത്രകാരനായ താനായ്, ഓട്ടോമാറ്റിക് കാറുകളുടെ ഉടമസ്ഥനായ തപാസ് ഇവരൊക്കെ കൂട്ടുകാരെന്നതിനേക്കാൾ അവന് ആരാധ്യരായിരുന്നു. വിവരണത്തിലൂടെ പരിചയപ്പെട്ടിരുന്ന ഇവരോടൊക്കെ അവന്റെ അച്ഛനും ആരാധനയായിരുന്നു. സ്വതവേ വാചാലനായിരുന്ന കുട്ടി പെട്ടെന്നൊരു ദിവസം മൗനിയാവുന്നു. കുട്ടിയിൽ വന്ന ഈ മാറ്റം അച്ഛനെ അദ്ഭുതപ്പെടുത്തുന്നു. ‘ഡാഡി എന്താണ് എല്ലാവർക്കും ധാരാളം പണമുണ്ടാവത്തത്’ എന്ന് ഒരു ദിവസം അവൻ അച്ഛനോട് ചോദിച്ചു. അവന് അറിവുണ്ടാവുന്നു എന്നാണ് ഈ ചോദ്യം കേട്ടപ്പോൾ അയാൾക്ക് തോന്നിയത്. അവൻ വളരെ മെലിഞ്ഞിട്ടുണ്ടെന്നും എപ്പോഴും ആലോചനയിലാണെന്നും അയാളും ഭാര്യയും മനസ്സിലാക്കുന്നു. ഒരു ദിവസം ഉച്ചയ്ക്ക് സ്കൂളിൽ ചെല്ലുന്ന രാജുവിന്റെ അമ്മ അവൻ ക്ലാസ്സിലെ ദരിദ്രനായ ഒരു കുട്ടിക്ക് ഉച്ചഭക്ഷണം പങ്കുവയ്ക്കുന്നതു കാണുന്നു. ഉച്ചയ്ക്ക് ഒരു ചപ്പാത്തി മാത്രം തിന്നുകയും ബാക്കി നാലെണ്ണം സഹപാഠിക്ക് കൊടുക്കുകയും ചെയ്തുന്നറിഞ്ഞപ്പോൾ മകന്റെ ദയാശീലത്തോട് നിരപ്പാവാനോ അവനെ അഭിനന്ദിക്കാനോ അച്ഛന് കഴിയുന്നില്ല. അയാളവനെ സ്കെയിലുകൊണ്ട് കഠിനമായി അടിക്കുന്നു. ദേഷ്യം ശമിച്ചപ്പോൾ അയാൾ അവനോടു ചോദിച്ചു.

“അങ്ങനെ കൊടുക്കണമെന്നു തോന്നിയാൽ നിനക്ക് ഒന്നോ രണ്ടോ ചപ്പാത്തി മാത്രം കൊടുത്ത് ബാക്കി തിന്നാമായിരുന്നില്ലേ? എന്തിനാണ് നാലെണ്ണം കൊടുത്തത്?

അവൻ ഒന്നും പറഞ്ഞില്ല.

“നീ കേൾക്കുന്നുണ്ടോ? ഞാൻ ക്രൂദ്ധനായി ചോദിച്ചു.” “എന്തിനാണ് നാലെണ്ണം കൊടുത്തത്?”

“ഡാഡി അടിക്കോ?” അവൻ വിറച്ചുകൊണ്ട് ചോദിച്ചു.

“ഇല്ല. പറയൂ.”

“എനിക്ക് വൈകുന്നേരം വന്നാലും ഭക്ഷണം കഴിച്ചുകൂടെ? ബൻസിക്ക് വീട്ടിൽനിന്ന് ഒന്നും കിട്ടില്ല്യാത്രെ?”

പിന്നെ എല്ലാ കുട്ടികളും അവനെ ഉപദ്രവിക്കുന്നുണ്ട്. അവൻ പാവമാണ് രാജു വീണ്ടും കരയാൻ തുടങ്ങി. ഇങ്ങനെ ഒരു പര്യവസാനം ഞാൻ പ്രതീക്ഷിച്ചില്ല. അവൻ തേങ്ങിക്കരയുകയായിരുന്നു. പെട്ടെന്ന് എനിക്ക് എന്നെത്തന്നെയോർത്ത് ലജ്ജ തോന്നി.”

ഇടത്തരക്കാരനായ ഒരച്ഛന്റെ സ്വാർത്ഥപരതയും സങ്കുചിത ചിന്താഗതിയും നിഷ്കളങ്കനായ– ലോകത്തിന്റെ കാപട്യങ്ങൾ അത്രയൊന്നും പരുക്കേല്പിച്ചിട്ടില്ലാത്ത– മകന്റെ ചിന്താഗതിയും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ ചിത്രമാണിവിടെ കാണുന്നത്. ആരാധനയുടെ ലോകത്തു കഴിഞ്ഞിരുന്ന അവൻ യാഥാർത്ഥ്യങ്ങളിലേക്ക് ഇറങ്ങുന്നതോടെയാണ് മൗനിയാവുന്നതും സാമ്പത്തികാസമത്വങ്ങളെപ്പററി അബോധമായെങ്കിലും ചിന്തിക്കാൻ തുടങ്ങുന്നതും.

**മാതാപിതാക്കൾ എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കേണ്ടതാണ്. ചിലരെ സ്നേഹിക്കുകയും ചിലരെ അവഗണിക്കുകയും ചെയ്യുക എന്നത് ശരിയല്ല. അവഗണിക്കപ്പെടുന്ന കുട്ടികളുടെ മനസ്സിൽ അത് ഉണങ്ങാത്ത മുറിവുണ്ടാക്കുകയും അത് സഹോദരങ്ങളോട് ശത്രുതാമനോഭാവമായി വളരുകയും ചെയ്യുന്നു എന്ന് മനഃശാസ്ത്രപഠനങ്ങൾ പറയുന്നു.**

തന്റേതായ രീതിയിൽ ചെറിയൊരു പരിഹാര മാർഗവും അവൻ കണ്ടെത്തുന്നു. വലുതാവുമ്പോൾ തനിക്കൊരു കങ്ഫൂ ഫൈറ്ററായിത്തീരണം എന്ന അവന്റെ തീരുമാനം അസമത്വങ്ങൾക്കെതിരെ പോരാടാൻ കരുത്താർജിക്കാനുള്ള ആഗ്രഹമാണ്.

ഇടത്തരം സാമ്പത്തിക സ്ഥിതിയിലുള്ള കുടുംബങ്ങളിലെ കുട്ടികളാണ് മുൻപ് പരാമർശിച്ച കഥകളിലൊക്കെ കഥാപാത്രങ്ങളാവുന്നത്. 'പുഴക്കക്കരെ കൊച്ചുസ്വപ്നങ്ങൾ' എന്ന കഥയിൽ അമ്മ ജോലിക്കു നിൽക്കുന്ന വീടിനെപ്പോലെ സ്വന്തം വീടിനെ മോടിപിടിപ്പിക്കാൻ ശ്രമിക്കുന്ന ഒരു കുട്ടിയാണ് കഥാപാത്രം. 'അലക്കുയന്ത്രം' എന്ന കഥയിലും ഇതിന് സമാനമായൊരവസ്ഥയുടെ ചിത്രീകരണം കാണാം. വീട്ടിലെ പുതിയ വാഷിങ്ങ് മെഷീനെപ്പറ്റി അഭിമാനപൂർവം പറയുന്ന യജമാനത്തിക്കുട്ടിയോട് തന്റെ വീട്ടിലും ഒരു വാഷിങ്ങ് മെഷീനുണ്ടായിരുന്നു. ഇപ്പോൾ കേടുവന്നുപോയി എന്നു വമ്പു പറയുന്ന വേലക്കാരിപ്പെൺകുട്ടിയാണ് മുഖ്യകഥാപാത്രം. അവളിൽനിന്ന് കേട്ടറിഞ്ഞ ആ മുന്തിയ വാഷിങ്ങ് മെഷീനൊന്നു കാണാൻ യജമാനത്തിക്കുട്ടിക്കാഗ്രഹം തോന്നുന്നു. വേലക്കാരിയുടെ വീട്ടിലേക്ക് പോകാൻ അമ്മയിൽനിന്ന് ഒരു വിധത്തിൽ അവൾ അനുവാദം നേടുന്നു. പക്ഷേ, ആ ചേരിപ്രദേശം കാണുമ്പോൾ തന്നെ അവളിൽ വല്ലാത്ത മടുപ്പുളവാക്കുന്നു. വൃത്തികെട്ട ആ കുടിലെത്തിയപ്പോൾ അമ്മയെ ചൂണ്ടിക്കാണിച്ചുകൊണ്ട് വേലക്കാരിപ്പെൺകുട്ടി പറഞ്ഞു: "ഇതായിരുന്നു ആ വാഷിങ്ങ് മെഷീൻ, ഒരിക്കൽ നന്നായി അലക്കിയിരുന്നു. ഇപ്പോൾ കേടു വന്നു പോയി." ഈ പുതിയ അറിവ് യജമാനത്തിക്കുട്ടിക്ക് താങ്ങാനാവുന്നതിലധികമായിരുന്നു. അവൾ കരഞ്ഞുകൊണ്ട് പുറത്തേക്ക് ഓടുന്നു.

ഈ കഥയിലെ രണ്ടു കഥാപാത്രങ്ങളും സവിശേഷമായ ശ്രദ്ധയാകർഷിക്കുന്നു. യാഥാർത്ഥ്യങ്ങളോട് പൊരുത്തപ്പെട്ടുകൊണ്ട് അവയെ നിർമ്മമതയോടെ സ്വീകരിക്കുകയാണ് വേലക്കാരിപ്പെൺകുട്ടി. തന്റെ വീട്ടിലെ പുതിയ അലക്കുയന്ത്രത്തേക്കാളും മുന്തിയ ഒരെണ്ണം മറ്റെങ്ങും ഉണ്ടാവില്ല എന്ന അഹങ്കാരം മറ്റേക്കുട്ടിക്കുണ്ടായിരുന്നു. പക്ഷേ, വേലക്കാരിപ്പെൺകുട്ടിയുടെ ഉറച്ച വാക്കുകൾ അവളെ സംശയാലുവാക്കുന്നു. സംശയം തീർക്കാനായിരുന്നു ചേരിയിലേക്കുള്ള യാത്ര. താനിന്നുവരെ അറിഞ്ഞിരുന്ന ജീവിത സാഹചര്യങ്ങളുടെ മറുവശമാണ് ആ ചേരിയിൽ അവൾ കണ്ടത്. ആ പുതിയ അറിവ് അവളെ ആകെ തളർത്തിക്കളയുന്നു. അപ്പോൾ സമ്പന്നതയുടെ അഹംബോധത്തെ അടിതെറ്റിച്ചുവെന്ന സംതൃപ്തിയുടെ ചിരിയോടെ നിൽക്കുകയാണ് ആ വേലക്കാരിപ്പെൺകുട്ടി.

സാമ്പത്തികമായ ഉച്ചനീചത്വം കുട്ടികളിൽ ഏല്പിക്കുന്ന ആഘാതവും അതിന്റെ പരിണിതഫലങ്ങളുമാണ് 'ഒരു കങ്ഫൂ ഫൈറ്ററി'ലേയും 'അലക്കുയന്ത്രത്തിലേ'യും പ്രമേയം. ലൈംഗികതയുമായി ബന്ധപ്പെട്ട ആദ്യാനുഭവങ്ങൾ ഒരു പെൺകുട്ടിയിൽ ഏല്പിക്കുന്ന ആഘാതങ്ങളാണ് കുങ്കുമം വിതറിയ വഴികളി'ലെ കഥാവസ്തു. സംഗീത എന്ന ഏഴുവയസ്സുകാരി സ്കൂളിൽ നിന്നുവരുന്ന വഴിക്കാണ് അങ്കിളിനെ പരിചയപ്പെടുന്നത്. തനിക്ക് അവളുടെ പേരും പഠിക്കുന്ന ക്ലാസ്സും അമ്മയുടെ പേരും അറിയാമെന്ന അവകാശവാദവുമായി അവളെ സമീപിക്കുന്ന അങ്കിളിനോടവൾക്ക് അടുപ്പം തോന്നുന്നു. ഹിമാലയത്തിലെ ഒരു ഗുഹയിൽ തപസ്സിരുന്നാണ് ഈ സിദ്ധി ലഭിച്ചതെന്ന് കേൾക്കുമ്പോൾ ഈ അടുപ്പം ആരാധനയാവുന്നു. വീട്ടിലെത്തി അമ്മയോട് ഇക്കാര്യം പറയുന്നുണ്ടെങ്കിലും ഉറക്കച്ചടവോടെ എഴുന്നേറ്റുവരുന്ന അമ്മയിൽ ഇത് പ്രത്യേകിച്ചൊരു പ്രതികരണവും സൃഷ്ടിക്കുന്നില്ല. അന്നു വൈകുന്നേരം അമ്മയ്ക്ക് പൂക്കളും അവൾക്ക് ചിക്ക്ലറ്റ്സുമായി അങ്കിൾ വീട്ടിലെത്തുന്നു. മുതിർന്നവരുടെ സംസാരം കേൾക്കാൻ ഇഷ്ടപ്പെടാത്ത അവൾ കൂട്ടുകാരിയായ ഡിംബിളിന്റെയൊപ്പം കളിക്കാൻ പോവുന്നു. എന്നാൽ, അവൾ 'ലുഡോ'വിൽ കള്ളത്തരം കാണിച്ചതിനാൽ അവളോടു പിണങ്ങി സംഗീത വീട്ടിലേക്ക് തിരികെപ്പോരുന്നു. കിടപ്പുമുറിയുടെ വാതിൽ അടഞ്ഞുകിടക്കുന്നതു കണ്ടതിനാൽ അവൾ ഒരു കോമിക് പുസ്തകവുമെടുത്ത് കാർപ്പെറ്റിൽ കിടക്കുകയും അറിയാതെ ഉറങ്ങിപ്പോവുകയും ചെയ്യുന്നു. ഉറക്കത്തിൽ അവൾ അങ്കിളിനെ സ്വപ്നം കാണുന്നു. അങ്കിൾതന്നെ അവളെ കാർപ്പെററിൽ നിന്നെടുത്ത് ഉമ്മവെച്ചുണർത്തുന്നു. പിന്നെ അവളുടെ ചോദ്യങ്ങൾക്കൊക്കെ നല്ല ഉത്തരങ്ങൾ നൽകുകയും ചെയ്യുന്നു. ഇതോടെ അവൾക്ക് അങ്കിളിനോട് തോന്നിയിരുന്ന അടുപ്പം വർദ്ധിക്കുന്നു.

വൈകുന്നേരം ഡാഡി വരുമ്പോൾ അവൾ അങ്കിളിനെപ്പററി വിസ്തരിച്ചു പറഞ്ഞു. മമ്മിയെപ്പോലെ ഉദാസീനതയോടെയല്ല വളരെ താല്പര്യത്തോടെയാണ് ഡാഡി എല്ലാം കേട്ടത്. അങ്കിൾ കൊണ്ടുവന്ന ചിക്ക്ലററ്സിന്റെ പങ്ക് തനിക്ക് തരില്ലേ എന്നും റോസാപ്പൂക്കൾ കാണിച്ചു തരില്ലേ എന്നും അവളോടു ചോദിക്കുന്നു. പൂക്കൾ എടുക്കാനായി കിടപ്പുമുറിയിലേക്ക് ഓടുമ്പോൾ പൂക്കൾ കൊണ്ടുവന്ന കാര്യം ഡാഡി എങ്ങനെയറിഞ്ഞു എന്ന് സംഗീത സംശയാലുവാകുന്നു. ഇതോടെ അവളുടെ മനസ്സ് പതറിപ്പോവുന്നു. കഴിഞ്ഞ സംഭവങ്ങൾ ഒന്നൊന്നായി അവളുടെ മനസ്സിലേക്ക് കടന്നുവരുന്നു. വളരെപ്പെട്ടെന്ന് അവൾ മറ്റൊരാളായി മാറുകയായി. ആ പരിണാമം കഥാകൃത്ത് ഇങ്ങനെയാണ് അവതരിപ്പിക്കുന്നത്:

"അടഞ്ഞു കിടക്കുന്ന ഒരു വാതിൽ അവളുടെ ഓർമയിലെത്തി. അവളുടെ കൊച്ചു മനസ്സിൽ പതഞ്ഞുവരുന്ന സാന്ദ്രത അവളറിഞ്ഞു. അതുയർന്നു വരാൻ തുടങ്ങിയിട്ട് കുറേ നേരമായെന്ന് പക്ഷേ, അവളറിഞ്ഞില്ല. ഫ്ളവർവേസിൽ വിരിഞ്ഞുനിൽക്കുന്ന പൂക്കൾ അവളെ ശത്രുതയോടെ നോക്കി. വൈകുന്നേരം സ്ക്കൂൾ വിട്ട് കൂട്ടുകാരികളെല്ലാം പോയി ഒറ്റയ്ക്കു നിൽക്കുമ്പോഴുണ്ടാവുന്ന ഏകാന്തത അവൾക്കനുഭവപ്പെട്ടു."

സംഗീതയ്ക്ക് ജീവിതത്തിൽ താനൊറ്റക്കായിരിക്കുന്നു എന്നും തനിക്കുണ്ടായ നഷ്ടം അപാരമാണെന്നും മനസ്സിലാവുന്നു. മുതിർന്നവർ ജീവിതത്തിലാണ് കള്ളത്തരം കാണിക്കുന്നതെന്നും തനിക്ക് മറ്റുള്ളവരുടെ സ്വപ്നങ്ങൾ തകർക്കാനാവും എന്നുമുള്ള അങ്കിളിന്റെ പ്രസ്താവനകളുടെ പൊരുൾ അവൾക്ക് പിടികിട്ടുന്നു. അങ്കിളിനോടു തോന്നിയിരുന്ന ആരാധന ഇതോടെ ശത്രുതയായി മാറുന്നു. മാധവിക്കുട്ടിയുടെ 'നുണകൾ' എന്ന കഥയിലും ഇതിന് സമാനമായ ഒരനുഭവം കാണാം.

മാതാപിതാക്കൾ എല്ലാ മക്കളെയും ഒരുപോലെ സ്നേഹിക്കേണ്ടതാണ്. ചിലരെ സ്നേഹിക്കുകയും ചിലരെ അവഗണിക്കുകയും ചെയ്യുക എന്നത് ശരിയല്ല. അവഗണിക്കപ്പെടുന്ന കുട്ടികളുടെ മനസ്സിൽ അത് ഉണങ്ങാത്ത മുറിവുണ്ടാക്കുകയും അത് സഹോദരങ്ങളോട് ശത്രുതാമനോഭാവമായി വളരുകയും ചെയ്യുന്നു എന്ന് മനഃശാസ്ത്രപഠനങ്ങൾ പറയുന്നു. ഈ വികാരമാണ് 'രൂപം നഷ്ടപ്പെട്ട മൃഗങ്ങ'ളിൽ ഹരികുമാർ അവതരിപ്പിക്കുന്നത്. രാഘവൻ, വാസു, സാവിത്രി എന്നിവർ സഹോദരങ്ങളാണ് രാഘവന് അനുജനെ ഇഷ്ടമാണ്. അവന്റെ കഴിവിലും കാര്യശേഷിയിലും അഭിമാനവും പൂർണ വിശ്വാസവുമാണ്. എന്നാലും മറ്റുള്ളവർ അവനെ പുകഴ്ത്തുകയും തന്നെ കടിഞ്ഞൂൽ പൊട്ടൻ എന്ന് പരിഹസിക്കുകയും ചെയ്യുമ്പോൾ അവന് വേദന തോന്നുന്നു. ഇങ്ങനെയൊരനുജൻ ഉണ്ടായിരുന്നില്ലെങ്കിൽ എന്നുവരെ അവൻ ചിന്തിച്ചുപോവുന്നു.

ഒരൊഴിവുദിവസം സഹോദരർ മൂന്നു പേരും കൂടി വീട്ടിന്റെ അടുത്തുള്ള തോട്ടിൽ അണക്കെട്ടു കെട്ടുകയും കരിമ്പനപ്പാത്തികൊണ്ട് തോണി കളിക്കുകയും ചെയ്യുന്നു. ആ യാത്രയ്ക്കിടയിൽ കുളത്തിൽ നിൽക്കുന്ന ആമ്പൽപ്പൂവ് പറിച്ച് സാവിത്രിക്ക് മാലയുണ്ടാക്കാമെന്ന ആശയം വാസുവിന്റെതായിരുന്നു. തണ്ടോടുകൂടി അതു പറിക്കാനുള്ള ശ്രമത്തിനിടയിൽ കരിമ്പനപ്പാത്തി മറിയുന്നു. രാഘവൻ നീന്തി രക്ഷപെടാൻ ശ്രമിക്കുന്നു. നീന്തലറിയാത്ത വാസു മുങ്ങിത്താഴുകയാണ്. ഭ്രാന്തമായ ഒരു സംതൃപ്തിയോടെ രാഘവൻ കരയിലേക്ക് നീന്തുന്നു. വെള്ളത്തിലേക്ക് തിരിഞ്ഞു നോക്കുമ്പോൾ താണുപൊയ്ക്കൊണ്ടിരിക്കുന്ന വാസുവിനെയും അപ്പോഴും അവനുയർത്തിപ്പിടിച്ചിരുന്ന ആമ്പൽപ്പൂവും കാണുന്നു. അതവന്റെ ഹൃദയത്തെ വല്ലാതെ സ്പർശിക്കുന്നു. ഉടൻ തിരിച്ചു നീന്തിച്ചെന്ന് വാസുവിനെ രക്ഷിക്കുന്നു. അച്ഛൻ വരുമ്പോൾ കിട്ടാൻ പോവുന്ന ശിക്ഷയോടൊപ്പം മറ്റൊരു ഭയവും രാഘവനുണ്ടാവുന്നു. താനവനെ രക്ഷിക്കാൻ ശ്രമിച്ചില്ല എന്ന് വാസുവിന് മനസ്സിലായിക്കാണുമോ? കുറ്റബോധം മൂലം പിന്നെ അവന്റെ അടുത്തേയ്ക്ക് ചെല്ലാൻ പോലും രാഘവന് കഴിയുന്നില്ല. വൈകുന്നേരം അച്ഛൻ വരുമ്പോൾ ഏട്ടന്റെ ധീരസാഹസിക പ്രവൃത്തിയെപ്പററി വാസു വിവരിച്ചു കേൾപ്പിച്ചു. വാസുവിന്റെ അപ്രതീക്ഷിതമായ ഈ പ്രതികരണം രാഘവനെ പശ്ചാത്താപ വിവശനാക്കുന്നു. അതോടൊപ്പം തന്റെയുള്ളിലുള്ള വൈരാഗ്യം അലിഞ്ഞലഞ്ഞില്ലാതാവുന്നതും അനുജനോടുള്ള വാത്സല്യം ഏറുന്നതും അവനറിയുന്നു. സഹോദരർക്കിടയിലുണ്ടാവുന്ന അസൂയ ഇത്ര ഭംഗിയായി അവതരിപ്പിക്കുന്ന മറ്റൊരു കഥ മലയാള ചെറുകഥാ സാഹിത്യത്തിൽ കണ്ടെത്താൻ കഴിയില്ല.

ബാല്യകാലത്തിന്റെ ഓർമകളിലേക്ക് മടങ്ങിപ്പോവുന്ന കഥാപാത്രങ്ങളെ 'പഴയൊരു ഭീഷണിക്കാരി', 'സൂര്യകാന്തിപ്പൂക്കൾ', 'സൂക്ഷിച്ചുവെച്ച മയിൽപ്പീലി' എന്നീ കഥകളിൽ ഹരികുമാർ അവതരിപ്പിക്കുന്നു. ബാല്യകാലത്തെ ചില നൊമ്പരപ്പെടുന്ന ഓർമകളാണ് ഇവയിലെല്ലാം കഥാവസ്തു. 'ശ്രീ പാർവതിയുടെ പാദം' എന്ന കഥയിലാവട്ടെ ഗ്രാമാന്തരീക്ഷത്തിൽ കഴിഞ്ഞുകൂടിയ ബാല്യകാലത്തിന്റെ ഗൃഹാതുരത്വം മുറ്റി നിൽക്കുന്ന ഓർമകൾ കാണാം.

മലയാള ചെറുകഥയുടെ സവിശേഷമായ ഒരു ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കഥാകൃത്താണ് ഹരികുമാർ. ബാലമനസ്സുകളുടെ സവിശേഷഭാവങ്ങളാവിഷ്കരിക്കുന്ന കുറേയധികം കഥകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അണുകുടുംബത്തിലെ അംഗമായ കുട്ടിയാണ് ഹരികുമാറിന്റെ മിക്ക കഥകളിലും കഥാപാത്രമാവുന്നത്. അച്ഛൻ, അമ്മ, കുട്ടി എന്നിവരുൾപ്പെടുന്ന ലോകത്തെ അന്തർ സംഘർഷങ്ങൾ അതീവ ചാരുതയോടെ ഹരികുമാർ അവതരിപ്പിക്കുന്നു. ഇത്തരം കുടുംബങ്ങളിൽ കുട്ടി അനുഭവിക്കുന്ന ഏകാകിത, ലോക ജീവിതയാഥാർത്ഥ്യങ്ങളുമായി കുട്ടിയുടെ പരിചയപ്പെടൽ എന്നിവയും അപ്പോൾ അവനനുഭവിക്കുന്ന മാനസിക സംഘർഷവും ഹരികുമാർ അവതരിപ്പിക്കുമ്പോൾ മലയാള ചെറുകഥയ്ക്ക് നവീനമായൊരു ഭാവുകത്വം കൈവരുന്നു. കുട്ടിയെ കുട്ടിയായി അറിയുകയും അവന്റെതായ ലോകത്തെ അവതരിപ്പിക്കുന്നു എന്നതും ഈ കഥകളുടെ മൗലികത വർദ്ധിപ്പിക്കുന്നു.